ഉത്തരം

(എ) സഹകരണവകുപ്പിൽ ഈ സാമ്പത്തിക വർഷത്തിൽ 15.3.79 വരെ 35 ഹരിജൻ സഹകരണസംഘങ്ങൾക്ക് വർക്കിങ്ങ് ക്യാപ്പിറ്റൽ ഗ്രാന്റും 23 സംഘങ്ങൾക്ക് മാനേജീരിയൽ ഗ്രാന്റും 7 സംഘങ്ങൾക്ക് കെട്ടിട നിർമ്മാണ ഗ്രാന്റും കൊടുത്തിട്ടുണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്.†

ടാക്സി ഡ്രൈവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

1167 [1858] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യുവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ടാക്സി ഡ്രൈവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ ഉണ്ട്; അവ ഏതെല്ലാം;

(ബി) ഈ വർഷം എത്ര ടാക്സി ഡ്രൈവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്തു;

(സി) അവ എവിടെയെല്ലാം?

(ഡി) അവ ഓരോന്നിനും എന്തെല്ലാം സഹായങ്ങൾ സഹകരണ വകുപ്പിൽനിന്നും നൽകിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അഞ്ച് ടാക്സി ഡ്രൈവേഴ്സ് സഹകരണ സംഘങ്ങൾ ഉണ്ട്. അവ താഴെപ്പറയുന്നവയാണ്.

1.	നെടുമങ്ങാട് ടാക്സി ഡ്രൈവേഴ്സ് സഹകരണ സംഘം	ക്ലിപ്തം നമ്പർ		412
2.	കൊല്ലം	,,	,, കൃ	471
3.	കോട്ടയം	,,	,, കെ	397
4.	എറണാകുളം	,,	,, ഇ	311
5.	തൃശ്ശൂർ	,,	,, ആർ	682

(ബി) ഈ വർഷത്തിൽ നാളിതുവരെ ഒരു ടാക്സി ഡ്രൈവേഴ്സ് സഹകരണ സംഘം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) തൃശ്ശൂർ ആസ്ഥാനമാക്കിയാണ് അത് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

(ഡി) തൃശ്ശൂർ ഡിസ്ട്രിക്ട് ടാക്സി ഡ്രൈവേഴ്സ് സഹകരണസംഘം ഇതുവരെയും സാമ്പത്തിക സഹായത്തിനുള്ള അപേക്ഷ സമർപ്പിച്ചിട്ടില്ല. ഇതു രജിസ്റ്റർ ചെയ്തത് 24.3.1979-ൽ മാത്രമാണ്.

†അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly